**File No.GEDN-SC3/243/2018-G.EDN**

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കൻഡറി വിദ്യാഭ്യാസം - ഹയർ സെക്കൻഡറി സ്കൂളുകളിൽ ഐ.ടി ഗണിതലാബ് സംവിധാനം ഏർപ്പെടുത്തുന്നതിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

---

പൊതു വിദ്യാഭ്യാസ (എസ്.സി.) വകുപ്പ്

സ.ഉ.(സാധാ) നം.522/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 08/02/2019

---

പരാമർശം:- 1 ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറുടെ 25.05.2018 ലെ എസിഡി.എസ്.പി.സി(1)109850/2018/എച്ച്.എസ്.ഇ നം.കത്ത്

2 കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ(KITE) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.11.2018-ലെ KITE/2018/1627(1)നം.കത്ത്

<u>ഉത്തരവ്</u>

സംസ്ഥാനത്ത് ഹയർ സെക്കൻഡറി തലത്തിൽ ഗണിതശാസ്ത്ര ബോധനത്തിനായി ആധുനിക സോഫ്റ്റ് വെയറുകൾ ഉപയോഗിച്ചുള്ള ഐ.ടി ഗണിതലാബ് സംവിധാനം നടപ്പിൽവരുത്തുന്നതിനുള്ള മാർഗ്ഗരേഖ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) തയ്യാറാക്കുകയും 50-ആമത് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ, ഗണിതലാബ് നടപ്പിൽ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് ഹയർ സെക്കൻഡറി ഡയറക്ടർ സൂചന(1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ഐ.ടി ഗണിതലാബ് സംവിധാനം നടപ്പിൽവരുത്തുന്നതിനുള്ള മാർഗ്ഗരേഖ കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) ന്റെ പങ്കാളിത്തത്തോടെയാണ് തയ്യാറാക്കിയത്. ഇപ്രകാരം തയ്യാറാക്കിയ മാർഗ്ഗരേഖയനുസരിച്ച് ഐ.ടി ഗണിതലാബ് സംവിധാനം 50-ാംമത് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ചവിധം 2019-20

അധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലും നടപ്പാക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്കനുസരിച്ച് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു.

i) ഐ.ടി ഗണിതലാബിന് പ്രത്യേകമായി ഐ.ടി ലാബുകൾ സ്ഥാപിക്കേണ്ടതില്ല, പകരം നിലവിലെ ഐ.ടി ലാബുകൾ പൊതുവായി പ്രയോജനപ്പെടുത്തിയാൽ മതി.

ii) 2019-20 അധ്യയനവർഷത്തിന് മുമ്പ് എല്ലാ സ്കൂളുകളിലും ലാബുകൾ ഉറപ്പാക്കാൻ നിലവിലുള്ള പദ്ധതികളുടെ (ഹൈടെക് സ്കൂൾ പദ്ധതി, പ്ലാൻ ഫണ്ട്, എം.പി/എം.എൽ.എ/തദ്ദേശഭരണ സ്ഥാപനങ്ങൾ) എന്നിവയുടെ ഫണ്ടുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

iii) പദ്ധതിക്കാവശ്യമായ ജിയോജിബ്ര, പൈഥൻ , ലിബ്ര ഓഫീസ്, 'സമഗ്ര' പോർട്ടൽ തുടങ്ങി മുഴുവൻ സ്വതന്ത്ര സോഫ്റ്റ് വെയറുകളും കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ(KITE) സൗജന്യമായി ലഭ്യമാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാന്
സെക്രട്ടറി

പകർപ്പ്:

1. ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യഭ്യാസം, തിരുവനന്തപുരം.
2. ഡയറക്ടർ,സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
3. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ(KITE), തിരുവനന്തപുരം.
4. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ